Office Copy

# കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
# മാന്നാനം

## സ്കൂൾ ബോർഡിംഗ് അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും വേണ്ടിയുള്ള നിർദ്ധേശങ്ങൾ

മാന്നാനം കെ.ഇ. സ്കൂളിൽ പഠിയ്ക്കുന്ന 5-ാം ക്ലാസ്സ് മുതലുള്ള ആൺകുട്ടികൾക്കും, മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രത്യേക പരിശീലനം ആവശ്യമുള്ള പ്ലസ് വൺ, പ്ലസ്ടു പെൺകുട്ടികൾക്കും കെ.ഇ. സ്കൂൾ ബോർഡിംഗിൽ പ്രവേശനം ലഭ്യമാണ്. പ്രവേശനം ആവശ്യമുള്ളവർ സ്കൂൾ അഡ്മിഷനോടൊപ്പം നിശ്ചിത ഫോമിൽ ഓൺലൈൻ ആയി അപേക്ഷ നൽകേണ്ടതാണ്.

5-ാം ക്ലാസ്സിന് മുകളിലുള്ള പെൺകുട്ടികൾക്ക് സ്കൂളിനടുത്ത് ബഹുമാനപ്പെട്ട സാൽവറ്റോറിയൻ സിസ്റ്റേഴ്സ് നടത്തുന്ന സുവിദ്യ ഭവൻ ബോർഡിംഗിൽ പ്രവേശനം ലഭിക്കുന്നതാണ്. പ്രവേശനം ആവശ്യമുള്ളവർ 8281402438 എന്ന നമ്പറിൽ ബന്ധപ്പെടുക.

**അഡ്മിഷൻ**

ബോർഡിംഗ് സൗകര്യം ആവശ്യമുള്ള കുട്ടികൾ അഡ്മിഷന്റെ ഒപ്പം തന്നെ സ്കൂൾ വെബ്സൈറ്റിലുള്ള നിശ്ചിത ഫോമിൽ ഓൺലൈൻ ആയി അപേക്ഷിക്കാം. അഡ്മിഷൻ ദിവസം കുട്ടികൾ രക്ഷകർത്താക്കളോടൊപ്പം സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കുന്ന ആപ്ലിക്കേഷൻ പ്രിന്റൗട്ടുമായി പ്രിൻസിപ്പാളിനെ കാണേണ്ടതാണ്.

അഡ്മിഷൻ ഒരു അധ്യയനവർഷത്തേയ്ക്ക് മാത്രമായിരിക്കും. തുടർവർഷങ്ങളിൽ ബോർഡിംഗ് സൗകര്യം ആവശ്യമുണ്ടെങ്കിൽ വീണ്ടും അപേക്ഷാഫോം പൂരിപ്പിച്ച് ഏപ്രിൽ 10-ാം തീയതിക്ക് മുൻപായി നൽകണം. കുട്ടിയുടെ മികവിനനുസരിച്ചു മാത്രമേ പ്രവേശനം നൽകുകയുള്ളൂ. പ്രവേശനത്തിനുള്ള അനുവാദം നൽകുന്നത് പ്രിൻസിപ്പാൾ മാത്രമായിരിക്കും. പ്രവേശനം ഇല്ലെങ്കിൽ സ്കൂളിൽ നിന്ന് വിവരം അറിയിക്കുന്നതായിരിക്കും.

**ബോർഡിംഗ് ഫീസ്**

ബോർഡിംഗ് അഡ്മിഷൻ 10 മാസത്തേയ്ക്കുമാത്രമാണ് ലഭിക്കുക. അതാതുവർഷത്തെ ഫീസ് നിരക്ക് അറിയുവാൻ സ്കൂൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫീസ് വിവരങ്ങൾ സ്കൂൾ വെബ്സൈറ്റിലും ലഭ്യമാണ്.

ഒരു കുട്ടി എപ്പോൾ അഡ്മിഷൻ എടുത്താലും അഡ്മിഷൻ ഫീസും എസ്റ്റാബ്ലിഷ്മെന്റ് ഫീസും മുഴുവനായി അടയ്ക്കേണ്ടതാണ്, ബോർഡിംഗ് സൗകര്യം ഉപേക്ഷിക്കുകയാണെങ്കിൽ അടച്ച ഫീസ് തിരികെ നൽകുന്നതല്ല. ബോർഡിംഗിൽ നിന്നും വെക്കേറ്റ് ചെയ്യുമ്പോൾ കുട്ടിയുടെ ഉപയോഗ വസ്തുക്കൾ എല്ലാം തിരികെ കൊണ്ടുപോകേണ്ടതാണ്.

**രക്ഷകർത്താക്കളുടെ ശ്രദ്ധയിലേയ്ക്കുള്ള കാര്യങ്ങൾ**

- രക്ഷകർത്താക്കൾ അവരുടെ കുട്ടികൾക്ക് ആവശ്യമുള്ള വസ്ത്രം, ചെരുപ്പ്, സ്റ്റേഷനറി മുതലായവ നൽകണം. വസ്ത്രങ്ങളിൽ കുട്ടിയുടെ പേര് മാഞ്ഞു പോകാത്ത രീതിയിൽ എഴുതുകയോ തുന്നുകയോ ചെയ്യേണ്ടതാണ്.
- കുട്ടികൾക്ക് ആവശ്യമായ ബെഡ് (1), ബെഡ് ഷീറ്റ് (4), തലയിണ (1), ത ലയിണ കവർ (2), തുടങ്ങിയവ മുൻകൂട്ടി പണം അടച്ച് ബുക്ക് ചെയ്യുന്നവർ ക്ക് സ്കൂൾ സ്റ്റോറിൽ നിന്നും നൽകുന്നതാണ്.
- 20 കിലോ മീറ്ററിൽ അധികം ദൂരെ നിന്ന് സ്കൂളിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾ സ്കൂൾ ബോർഡിംഗിൽ താമസിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ സ്കൂളിൽ അഡ്മിഷൻ നൽകുന്നതല്ല. പുറത്തു താമസിക്കുന്നവർ പേരൻ്റ്സിൻ്റെ കൂടെ ആയിരിക്കണം താമസിക്കേണ്ടത്. പേയിംഗ് ഗസ്റ്റ് ആയി താമസിക്കുവാൻ ആർക്കും അനുവാദമില്ല.
- കുട്ടികൾക്ക് സാധാരണ മൊബൈൽ (ക്യാമറ, ഇൻ്റർനെറ്റ് എന്നിവ ഇല്ലാത്തത്) കൊടുക്കാവുന്നതാണ്. എന്നാൽ അത് വാർഡൻ്റെ കൈവശം ആയിരിക്കും സൂക്ഷിക്കുക. കുട്ടികൾ, അവർക്ക് അനുവദിക്കപ്പെട്ട ദിവസ ത്തിലും സമയത്തും അവരുടെ മാതാപിതാക്കളെ വിളിക്കാൻ ഈ മൊബൈൽ ഉപയോഗിക്കാവുന്നതാണ്. സ്മാർട്ട് ഫോൺ ഉപയോഗി ക്കുവാൻ അനുവാദമില്ല.
- കുട്ടികളുടെ പഠനസമയത്ത് അധികമായി വരുന്ന സാമ്പത്തിക ആവശ്യ ങ്ങൾക്കായി 10000/- രൂപ സ്കൂൾ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.
- കുട്ടികളുടെ അലമാര, ബാഗ് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് താക്കോലുകൾ അവരുടെ പേരുസഹിതം വാർഡനെ ഏൽപ്പിക്കേണ്ടതാണ്.
- കുട്ടികളുടെ അലമാരകളും, ബാഗുകളും മറ്റും ഏതുസമയത്തും ബോർഡിം ഗ് അധികാരികൾ പരിശോധിക്കുന്നതായിരിക്കും. ബോർഡിംഗിൽ പഠനാവ ശ്യത്തിന് അല്ലാത്ത ഒരു വസ്തുക്കളും കുട്ടികൾ കൊണ്ടുവരാൻ പാടില്ല.
- എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ മാതാപിതാക്കൾക്ക് കുട്ടികളെ കാണാൻ വരാവുന്നതാണ്. നിശ്ചയിക്ക പ്പെട്ട സമയത്തല്ലാതെ കുട്ടികളെ കാണുവാൻ അനുവാദമുണ്ടായിരിക്കുന്നത ല്ല. ഭക്ഷണസാധനങ്ങളോ, പണമോ മറ്റു വിലപിടിപ്പുള്ള വസ്തുക്കളോ കുട്ടികൾക്ക് നൽകുവാൻ പാടുള്ളതല്ല.
- ബോർഡിംഗിൽ താമസിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈൻ പാർസലു കൾ അയക്കാൻ പാടുള്ളതല്ല
- കുട്ടികളെ സന്ദർശിക്കണമെങ്കിൽ വാർഡൻ്റെ അനുവാദം നിർബന്ധമായും വേണം.

- മാതാപിതാക്കളല്ലാതെയുള്ള സന്ദർശകർക്ക് അച്ഛന്റെയോ അമ്മയുടേയോ മുൻകൂട്ടിയുള്ള അനുവാദത്തോടെ മാത്രമേ കുട്ടികളെ കാണാൻ പറ്റൂ. മാതാപിതാക്കൾക്കോ രക്ഷകർത്താക്കൾക്കോ മറ്റു സന്ദർശകർക്കോ കുട്ടികളുടെ താമസസ്ഥലത്തു പ്രവേശിക്കുവാൻ അനുവാദമില്ല.
- രക്ഷകർത്താക്കൾ മാസത്തിലൊരിക്കലെങ്കിലും കുട്ടിയുടെ പഠനകാര്യങ്ങളെപ്പറ്റിയും സ്വഭാവരൂപവൽക്കരണത്തെപ്പറ്റിയും അന്വേഷണം നടത്തേണ്ടതാണ്.
- സ്കൂൾ ദിവസങ്ങളിൽ, മെഡിക്കൽ ആവശ്യങ്ങൾക്കല്ലാതെ കുട്ടികൾക്ക് ഒരു കാരണവശാലും അവധി അനുവദിക്കുന്നതല്ല.
- കുട്ടികൾക്കു തനിച്ചു വീട്ടിൽ പോകാൻ അനുവാദം ഇല്ല. മാതാപിതാക്കളോ രക്ഷകർത്താക്കളോ അവരെ കൂട്ടിക്കൊണ്ടുപോകേണ്ടതും തിരികെ കൊണ്ടുവിടേണ്ടതുമാണ്. കുട്ടികളെ അവരുടെ ബന്ധുക്കളുടെ കൂടെ വിടണമെങ്കിൽ മാതാപിതാക്കൾ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം.
- അവധിദിവസങ്ങൾക്കു ശേഷം സ്കൂൾ തുറക്കുന്നദിവസത്തിനു തലേദിവസം 5.00 pm നു മുമ്പായി കുട്ടികളെ ഹോസ്റ്റലിൽ എത്തിക്കേണ്ടതാണ്.
- സ്കൂളിന്റെ സൽപ്പേരിനെ ബാധിക്കുന്ന രീതിയിലുള്ള അച്ചടക്കലംഘനങ്ങളിൽ പ്രിൻസിപ്പാൾ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
- സ്വഭാവദൂഷ്യം, മോഷണം, മറ്റുകുട്ടികളുമായുള്ള പ്രശ്നങ്ങൾ, മാന്യതയില്ലാത്ത സംസാരം തുടങ്ങിയ അച്ചടക്ക ലംഘനങ്ങൾ നടത്തുകയോ പുകയില ഉൽപന്നങ്ങൾ, മദ്യം, മയക്കുമരുന്ന് തുടങ്ങി എന്തെങ്കിലും കുട്ടികൾ ഉപയോഗിക്കുന്നതായി കണ്ടെത്തുകയോ ചെയ്താൽ അവരുടെ ബോർഡിംഗ്, സ്കൂൾ അഡ്മിഷനുകൾ നഷ്ടപ്പെടുന്നതാണ്.
- ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികൾ ഡ്രഗ്സ് ഏതെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള മെഡിക്കൽ ടെസ്റ്റ് നടത്തേണ്ടി വന്നാൽ അതിനുള്ള അവകാശം സ്കൂൾ അധികൃതർക്ക് ഉണ്ടായിരിക്കുന്നതാണ്.
- കുട്ടികളുടെ വസ്ത്രധാരണം മാന്യമായിരിക്കണം. പെൺകുട്ടികൾക്ക് ടാറ്റൂ, ഹെയർ കളറിംഗ്, ലിപ്സ്റ്റിക്ക് തുടങ്ങിയ കാര്യങ്ങൾ ഒന്നും അനുവദനീയമല്ല. സ്ലീവ്ലെസ്സ് വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. ആൺകുട്ടികൾ മുടി വൃത്തിയായി വെട്ടിയൊതുക്കി സൂക്ഷിക്കേണ്ടതാണ്. കുട്ടികൾക്ക് മീശയും താടിയും വളർത്തുവാൻ അനുവാദം ഇല്ല. കുട്ടികളുടെ അപ്പിയറൻസ് മാന്യമായിരിക്കണം.

- ഹോസ്റ്റലിൽ നിന്നും പഠനകാലം കഴിഞ്ഞുപോകുമ്പോൾ സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കുന്ന വെക്കേറ്റിംഗ് ഫോം പൂരിപ്പിച്ച് വാർഡനെ എൽപിച്ച ശേഷം ബോർഡിംഗിൽ നിന്നും വെക്കേറ്റ് ചെയ്യാവുന്നതാണ്.
- ക്രിസ്ത്യാനികളായ കുട്ടികൾക്ക് എല്ലാ ദിവസവും വിശുദ്ധ കുർബാനയും, മറ്റു പ്രാർത്ഥനകളും ഉണ്ടായിരിക്കുന്നതാണ്.



ഫാ. ജെയിംസ് മുല്ലശ്ശേരി സി.എം.ഐ.
പ്രിൻസിപ്പാൾ

---

**മാതാപിതാക്കന്മാരുടെ സമ്മതപത്രം**

മേൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ വായിച്ചു ബോധ്യപ്പെട്ടു. എന്റെ പൂർണ്ണസമ്മതം അറിയിക്കുന്നു.

എന്ന്,

മാതാപിതാക്കളുടെ/
രക്ഷിതാവിന്റെ പേര് :

അഡ്രസ്സ് :

ഫോൺ നമ്പർ :

കുട്ടിയുടെ പേരും,
ക്ലാസ്സും :

മാതാപിതാക്കളുടെ/
രക്ഷിതാവിന്റെ ഒപ്പ്

കുട്ടിയുടെ ഒപ്പ്

തീയതി:

# കുര്യാക്കോസ് ഏലിയാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
# മാന്നാനം

## സ്കൂൾ ബോർഡിംഗ് അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും വേണ്ടിയുള്ള നിർദ്ധേശങ്ങൾ

മാന്നാനം കെ.ഇ. സ്കൂളിൽ പഠിയ്ക്കുന്ന 5-ാം ക്ലാസ്സ് മുതലുള്ള ആൺകുട്ടികൾക്കും, മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രത്യേക പരിശീലനം ആവശ്യമുള്ള പ്ലസ് വൺ, പ്ലസ്ടു പെൺകുട്ടികൾക്കും കെ.ഇ. സ്കൂൾ ബോർഡിംഗിൽ പ്രവേശനം ലഭ്യമാണ്. പ്രവേശനം ആവശ്യമുള്ളവർ സ്കൂൾ അഡ്മിഷനോടൊപ്പം നിശ്ചിത ഫോമിൽ ഓൺലൈൻ ആയി അപേക്ഷ നൽകേണ്ടതാണ്.

5-ാം ക്ലാസ്സിന് മുകളിലുള്ള പെൺകുട്ടികൾക്ക് സ്കൂളിനടുത്ത് ബഹുമാനപ്പെട്ട സാൽവറ്റോറിയൻ സിസ്റ്റേഴ്സ് നടത്തുന്ന സുവിദ്യ ഭവൻ ബോർഡിംഗിൽ പ്രവേശനം ലഭിക്കുന്നതാണ്. പ്രവേശനം ആവശ്യമുള്ളവർ 8281402438 എന്ന നമ്പറിൽ ബന്ധപ്പെടുക.

**അഡ്മിഷൻ**

ബോർഡിംഗ് സൗകര്യം ആവശ്യമുള്ള കുട്ടികൾ അഡ്മിഷന്റെ ഒപ്പം തന്നെ സ്കൂൾ വെബ്സൈറ്റിലുള്ള നിശ്ചിത ഫോമിൽ ഓൺലൈൻ ആയി അപേക്ഷിക്കാം. അഡ്മിഷൻ ദിവസം കുട്ടികൾ രക്ഷകർത്താക്കളോടൊപ്പം സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കുന്ന ആപ്ലിക്കേഷൻ പ്രിന്റൗട്ടുമായി പ്രിൻസിപ്പാളിനെ കാണേണ്ടതാണ്.

അഡ്മിഷൻ ഒരു അധ്യയനവർഷത്തേയ്ക്ക് മാത്രമായിരിക്കും. തുടർവർഷങ്ങളിൽ ബോർഡിംഗ് സൗകര്യം ആവശ്യമുണ്ടെങ്കിൽ വീണ്ടും അപേക്ഷാഫോം പൂരിപ്പിച്ച് ഏപ്രിൽ 10-ാം തീയതിക്ക് മുൻപായി നൽകണം. കുട്ടിയുടെ മികവിനനുസരിച്ചു മാത്രമേ പ്രവേശനം നൽകുകയുള്ളൂ. പ്രവേശനത്തിനുള്ള അനുവാദം നൽകുന്നത് പ്രിൻസിപ്പാൾ മാത്രമായിരിക്കും. പ്രവേശനം ഇല്ലെങ്കിൽ സ്കൂളിൽ നിന്ന് വിവരം അറിയിക്കുന്നതായിരിക്കും.

**ബോർഡിംഗ് ഫീസ്**

ബോർഡിംഗ് അഡ്മിഷൻ 10 മാസത്തേയ്ക്കുമാത്രമാണ് ലഭിക്കുക. അതാതുവർഷത്തെ ഫീസ് നിരക്ക് അറിയുവാൻ സ്കൂൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫീസ് വിവരങ്ങൾ സ്കൂൾ വെബ്സൈറ്റിലും ലഭ്യമാണ്.

ഒരു കുട്ടി എപ്പോൾ അഡ്മിഷൻ എടുത്താലും അഡ്മിഷൻ ഫീസും എസ്റ്റാബ്ലിഷ്മെന്റ് ഫീസും മുഴുവനായി അടയ്ക്കേണ്ടതാണ്, ബോർഡിംഗ് സൗകര്യം ഉപേക്ഷിക്കുകയാണെങ്കിൽ അടച്ച ഫീസ് തിരികെ നൽകുന്നതല്ല. ബോർഡിംഗിൽ നിന്നും വെക്കേറ്റ് ചെയ്യുമ്പോൾ കുട്ടിയുടെ ഉപയോഗ വസ്തുക്കൾ എല്ലാം തിരികെ കൊണ്ടുപോകേണ്ടതാണ്.

## രക്ഷകർത്താക്കളുടെ ശ്രദ്ധയിലേയ്ക്കുള്ള കാര്യങ്ങൾ

- രക്ഷകർത്താക്കൾ അവരുടെ കുട്ടികൾക്ക് ആവശ്യമുള്ള വസ്ത്രം, ചെരുപ്പ്, സ്റ്റേഷനറി മുതലായവ നൽകണം. വസ്ത്രങ്ങളിൽ കുട്ടിയുടെ പേര് മാഞ്ഞു പോകാത്ത രീതിയിൽ എഴുതുകയോ തുന്നുകയോ ചെയ്യേണ്ടതാണ്.
- കുട്ടികൾക്ക് ആവശ്യമായ ബെഡ് (1), ബെഡ് ഷീറ്റ് (4), തലയിണ (1), തലയിണ കവർ (2), തുടങ്ങിയവ മുൻകൂട്ടി പണം അടച്ച് ബുക്ക് ചെയ്യുന്നവർക്ക് സ്കൂൾ സ്റ്റോറിൽ നിന്നും നൽകുന്നതാണ്.
- 20 കിലോ മീറ്ററിൽ അധികം ദൂരെ നിന്ന് സ്കൂളിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾ സ്കൂൾ ബോർഡിംഗിൽ താമസിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ സ്കൂളിൽ അഡ്മിഷൻ നൽകുന്നതല്ല. പുറത്തു താമസിക്കുന്നവർ പേരന്റ്സിന്റെ കൂടെ ആയിരിക്കണം താമസിക്കേണ്ടത്. പേയിംഗ് ഗസ്റ്റ് ആയി താമസിക്കുവാൻ ആർക്കും അനുവാദമില്ല.
- കുട്ടികൾക്ക് സാധാരണ മൊബൈൽ (ക്യാമറ, ഇന്റർനെറ്റ് എന്നിവ ഇല്ലാത്തത്) കൊടുക്കാവുന്നതാണ്. എന്നാൽ അത് വാർഡന്റെ കൈവശം ആയിരിക്കും സൂക്ഷിക്കുക. കുട്ടികൾ, അവർക്ക് അനുവദിക്കപ്പെട്ട ദിവസത്തിലും സമയത്തും അവരുടെ മാതാപിതാക്കളെ വിളിക്കാൻ ഈ മൊബൈൽ ഉപയോഗിക്കാവുന്നതാണ്. സ്മാർട്ട് ഫോൺ ഉപയോഗിക്കുവാൻ അനുവാദമില്ല.
- കുട്ടികളുടെ പഠനസമയത്ത് അധികമായി വരുന്ന സാമ്പത്തിക ആവശ്യങ്ങൾക്കായി 10000/- രൂപ സ്കൂൾ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.
- കുട്ടികളുടെ അലമാര, ബാഗ് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് താക്കോലുകൾ അവരുടെ പേരുസഹിതം വാർഡനെ ഏൽപ്പിക്കേണ്ടതാണ്.
- കുട്ടികളുടെ അലമാരകളും, ബാഗുകളും മറ്റും ഏതുസമയത്തും ബോർഡിംഗ് അധികാരികൾ പരിശോധിക്കുന്നതായിരിക്കും. ബോർഡിംഗിൽ പഠനാവശ്യത്തിന് അല്ലാത്ത ഒരു വസ്തുക്കളും കുട്ടികൾ കൊണ്ടുവരാൻ പാടില്ല.
- എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ മാതാപിതാക്കൾക്ക് കുട്ടികളെ കാണാൻ വരാവുന്നതാണ്. നിശ്ചയിക്കപ്പെട്ട സമയത്തല്ലാതെ കുട്ടികളെ കാണുവാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. ഭക്ഷണസാധനങ്ങളോ, പണമോ മറ്റു വിലപിടിപ്പുള്ള വസ്തുക്കളോ കുട്ടികൾക്ക് നൽകുവാൻ പാടുള്ളതല്ല.
- ബോർഡിംഗിൽ താമസിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈൻ പാർസലുകൾ അയക്കാൻ പാടുള്ളതല്ല
- കുട്ടികളെ സന്ദർശിക്കണമെങ്കിൽ വാർഡന്റെ അനുവാദം നിർബന്ധമായും വേണം.

- മാതാപിതാക്കളല്ലാതെയുള്ള സന്ദർശകർക്ക് അച്ഛന്റെയോ അമ്മയുടേയോ മുൻകൂട്ടിയുള്ള അനുവാദത്തോടെ മാത്രമേ കുട്ടികളെ കാണാൻ പറ്റൂ. മാതാപിതാക്കൾക്കോ രക്ഷകർത്താക്കൾക്കോ മറ്റു സന്ദർശകർക്കോ കുട്ടികളുടെ താമസസ്ഥലത്തു പ്രവേശിക്കുവാൻ അനുവാദമില്ല.
- രക്ഷകർത്താക്കൾ മാസത്തിലൊരിക്കലെങ്കിലും കുട്ടിയുടെ പഠനകാര്യങ്ങളെപ്പറ്റിയും സ്വഭാവരൂപവൽക്കരണത്തെപ്പറ്റിയും അന്വേഷണം നടത്തേണ്ടതാണ്.
- സ്കൂൾ ദിവസങ്ങളിൽ, മെഡിക്കൽ ആവശ്യങ്ങൾക്കല്ലാതെ കുട്ടികൾക്ക് ഒരു കാരണവശാലും അവധി അനുവദിക്കുന്നതല്ല.
- കുട്ടികൾക്കു തനിച്ചു വീട്ടിൽ പോകാൻ അനുവാദം ഇല്ല. മാതാപിതാക്കളോ രക്ഷകർത്താക്കളോ അവരെ കൂട്ടിക്കൊണ്ടുപോകേണ്ടതും തിരികെ കൊണ്ടുവിടേണ്ടതുമാണ്. കുട്ടികളെ അവരുടെ ബന്ധുക്കളുടെ കൂടെ വിടണമെങ്കിൽ മാതാപിതാക്കൾ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം.
- അവധിദിവസങ്ങൾക്കു ശേഷം സ്കൂൾ തുറക്കുന്നദിവസത്തിനു തലേദിവസം 5.00 pm നു മുമ്പായി കുട്ടികളെ ഹോസ്റ്റലിൽ എത്തിക്കേണ്ടതാണ്.
- സ്കൂളിന്റെ സൽപ്പേരിനെ ബാധിക്കുന്ന രീതിയിലുള്ള അച്ചടക്കലംഘനങ്ങളിൽ പ്രിൻസിപ്പാൾ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
- സ്വഭാവദൂഷ്യം, മോഷണം, മറ്റുകുട്ടികളുമായുള്ള പ്രശ്നങ്ങൾ, മാന്യതയില്ലാത്ത സംസാരം തുടങ്ങിയ അച്ചടക്ക ലംഘനങ്ങൾ നടത്തുകയോ പുകയില ഉൽപന്നങ്ങൾ, മദ്യം, മയക്കുമരുന്ന് തുടങ്ങി എന്തെങ്കിലും കുട്ടികൾ ഉപയോഗിക്കുന്നതായി കണ്ടെത്തുകയോ ചെയ്താൽ അവരുടെ ബോർഡിംഗ്, സ്കൂൾ അഡ്മിഷനുകൾ നഷ്ടപ്പെടുന്നതാണ്.
- ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികൾ ഡ്രഗ്സ് ഏതെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള മെഡിക്കൽ ടെസ്റ്റ് നടത്തേണ്ടി വന്നാൽ അതിനുള്ള അവകാശം സ്കൂൾ അധികൃതർക്ക് ഉണ്ടായിരിക്കുന്നതാണ്.
- കുട്ടികളുടെ വസ്ത്രധാരണം മാന്യമായിരിക്കണം. പെൺകുട്ടികൾക്ക് ടാറ്റൂ, ഹെയർ കളറിംഗ്, ലിപ്സ്റ്റിക്ക് തുടങ്ങിയ കാര്യങ്ങൾ ഒന്നും അനുവദനീയമല്ല. സ്ലീവ്ലെസ്സ് വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. ആൺകുട്ടികൾ മുടി വൃത്തിയായി വെട്ടിയൊതുക്കി സൂക്ഷിക്കേണ്ടതാണ്. കുട്ടികൾക്ക് മീശയും താടിയും വളർത്തുവാൻ അനുവാദം ഇല്ല. കുട്ടികളുടെ അപ്പിയറൻസ് മാന്യമായിരിക്കണം.

- ഹോസ്റ്റലിൽ നിന്നും പഠനകാലം കഴിഞ്ഞുപോകുമ്പോൾ സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കുന്ന വെക്കേറ്റിംഗ് ഫോം പൂരിപ്പിച്ച് വാർഡനെ എൽപിച്ച ശേഷം ബോർഡിംഗിൽ നിന്നും വെക്കേറ്റ് ചെയ്യാവുന്നതാണ്.
- ക്രിസ്ത്യാനികളായ കുട്ടികൾക്ക് എല്ലാ ദിവസവും വിശുദ്ധ കുർബാനയും, മറ്റു പ്രാർത്ഥനകളും ഉണ്ടായിരിക്കുന്നതാണ്.



ഫാ. ജെയിംസ് മുല്ലശ്ശേരി സി.എം.ഐ.
പ്രിൻസിപ്പാൾ

---

**<u>മാതാപിതാക്കന്മാരുടെ സമ്മതപത്രം</u>**

മേൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ വായിച്ചു ബോധ്യപ്പെട്ടു. എന്റെ പൂർണ്ണസമ്മതം അറിയിക്കുന്നു.

എന്ന്,

മാതാപിതാക്കളുടെ/
രക്ഷിതാവിന്റെ പേര് :

അഡ്രസ്സ് :

ഫോൺ നമ്പർ :

കുട്ടിയുടെ പേരും,
ക്ലാസ്സും :

മാതാപിതാക്കളുടെ/
രക്ഷിതാവിന്റെ ഒപ്പ്      കുട്ടിയുടെ ഒപ്പ്

തീയതി: